# പത്രക്കുറിപ്പ്

## പോലീസിന്റെ ശരീര സൗന്ദര്യ മത്സരം ഇന്ന്

തിരുവനന്തപുരം: കേരളാ പോലീസിന്റെ മൂന്നാമത് ശരീര സൗന്ദര്യ മത്സരം ഇന്ന് (09.02.2018) വൈകുന്നേരം 06.00 മണിക്ക് തിരുവനന്തപുരം ഗാന്ധിപാർക്കിൽ വച്ച് നടത്തുമെന്ന് സിറ്റി പോലീസ് കമ്മീഷണർ പി. പ്രകാശ് അറിയിച്ചു. 75, 80, 85, 85+ കിലോഗ്രാമിലും, ഇതിനു പുറമേ മാസ്റ്റേഴ്സ് വിഭാഗങ്ങളായാണ് മത്സരം നടത്തുന്നത്. പ്രഗൽഭരും പ്രശസ്തരുമായ മുൻ ദേശീയ സംസ്ഥാന ചാമ്പ്യൻമാർ ഉൾപ്പെടെ കേരളാ പോലീസിലെ 30 ഓളം ഉദ്യോഗസ്ഥർ ശരീര സൗന്ദര്യ മത്സരത്തിൽ മാറ്റുരയ്ക്കുമെന്നും കമ്മീഷണർ അറിയിച്ചു. മത്സരത്തിന്റെ ഉത്ഘാടന ചടങ്ങിന് തിരുവനന്തപുരം മേയർ ശ്രീ. വി.കെ പ്രശാന്ത് മുഖ്യാതിഥിയായിരിക്കും. ദക്ഷിണ മേഖലാ എ.ഡി.ജി.പി അനിൽ കാന്ത്, തിരുവനന്തപുരം റേഞ്ച് ഐ.ജി മനോജ് എബ്രഹാം, സിറ്റി പോലീസ് കമ്മീഷണർ പി. പ്രകാശ് പോലീസിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ, സിനിമാ താരം ഭീമൻ രഘു തുടങ്ങിയവർ പങ്കെടുക്കും. മത്സരത്തിനു ശേഷം വിവിധയിനം കലാ പരിപാടികളും ഉണ്ടായിരിക്കും. തുടർന്ന് വിജയികൾക്ക് വിശിഷ്ടാതിഥികൾ സമ്മാനദാനവും നടത്തും. ശരീര സൗന്ദര്യ മത്സരം കാണാൻ പൊതുജനങ്ങൾക്ക് പ്രവേശനം തികച്ചും സൗജന്യമായിരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

Office of the DIG & District Police Chief ★ Thiruvananthapuram City ★

ജില്ലാപോലീസ് മേധാവി
തിരുവനന്തപുരം സിറ്റി.